

# തേനീച്ചയെന്ന കൗതുകം!

## وَأَوْحَى رَبُّكَ إِلَى النَّحْلِ أَنِ اتَّخِذِي مِنَ الْجِبَالِ بُيُوتًا وَمِنَ الشَّجَرِ وَمِمَّا يَعْرِشُونَ (68)



 മലകളിലും വൃക്ഷങ്ങളിലും മനുഷ്യര്‍ ഉയര്‍ത്തിയുണ്ടാക്കുന്ന(വീട് മുതലാ യ) വസ്തുക്കളിലും നീ കൂടുകള്‍ ഉണ്ടാക്കുക എന്ന് താങ്കളുടെ രക്ഷി താവ് തേനീച്ചക്ക് ബോധനംനല്‍കി. എന്നിട്ട് എല്ലാ പഴങ്ങളില്‍നിന്നും (തേന്‍) ഈമ്പി എടുക്കുകയും നിന്റെ രക്ഷിതാവ് നിശ്ചയിച്ച മാര്‍ഗങ്ങളില്‍ അനുസരണശീലത്തോ ടെ പ്രവേശിക്കുയും ചെയ്യുക (എന്നും അതിനു നാം ബോധനം നല്‍കി.) വി വിധ വര്‍ണ്ണങ്ങളോടു കൂടിയ പാനീയം അവയുടെ വയറുകളില്‍ നിന്നു പുറ ത്തു വരുന്നു. അതില്‍ മനുഷ്യര്‍ക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്നജനതക്ക് ഇതില്‍ തക്കതായ ദൃഷ്ടാന്തമുണ്ട്., തീര്‍ച്ച.(അല്‍നഹ്ല് 68,69)



സാധാരണയായി ഒരു തേനീച്ചക്കൂട്ടിൽ മൂന്ന് വിഭാഗം തേനീച്ചകളാണ് കാണപ്പെടുന്നത്. കൂടിന്റെ സർവ്വാധിപതിയായ “റാണി” യും കൂടിന്റെ നിലനിൽപ്പിനു വേണ്ടി അദ്ധ്വാനിക്കുന്ന ലൈംഗികശേഷിയില്ലാത്ത പെണ്ണീച്ചകളും മടിയന്മാരായ മറ്റൊരു വിഭാഗവുമാണ്. ഓരോ തേനീച്ചക്കൂട്ടിലും വളരെ ചുരുക്കം റാണിയറകളേ കാണുകയുള്ളൂ. എങ്കിലും അവയ്ക്ക് മറ്റ് അറകളെ അപേക്ഷിച്ച് വലിപ്പം കൂടുതലാണ്. റാണിയറകളിൽ വിരിഞ്ഞു വരുന്ന കുഞ്ഞുങ്ങളെ തൊഴിലാളി ഈച്ചകൾ പ്രത്യേകം തീറ്റുന്നു. ഇവിടെ വളർന്നു വരുന്ന പെണ്ണീച്ചകളായിരിക്കും ഭാവിയിലെ റാണികൾ. ആഹാരക്രമത്തിലെ വ്യത്യാസമാണ് പ്രധാനമായും റാണി ഈച്ചകളുടെ പ്രത്യേകതക്ക് കാരണമാവുന്നത്.(അഖില വിജ്ഞാനകോശം-3/516)

**മുട്ടയിടുകയാണ് റാണിയുടെ ജോലി.** ഒരു ദിവസം ഒരു റാണി 2000 ത്തോളം മുട്ടകളിടും! നാലോ അഞ്ചോ വർഷം കൊണ്ട് രണ്ട് ലക്ഷം മുട്ടകളും. ഒരു സംഘത്തിൽ 80,000 തേനീച്ചകൾകണ്ടേക്കാം. ഇവയിൽ ഭൂരിഭാഗവും തൊഴിലാളികളാണ്. ( വിശ്വവിജ്ഞാനകോശം 7/154)
തൊഴിലാളി തേനീച്ചകൾക്ക് അനേകം ജോലികളുണ്ട്. കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുക, കൂടിന് കാവൽ നിൽക്കുക, കൂട് നിർമ്മിക്കുക, കൂട്ടിലെ താപം ഒരു പ്രത്യേക അളവിൽ നിലനിർത്തുക., പുതിയ വാസസ്ഥലം കണ്ടെത്തുക തുടങ്ങിയവ തൊഴിലാളി തേനീച്ചകളുടെ ജോലികളിൽ പെടുന്നു. തേനീച്ച തൊഴിലാളികൾ ഭടന്മാരാണ്. അവയുടെ പിന്നറ്റമുള്ള കൊമ്പുകൊണ്ട് ഒരിക്കൽ കുത്തുന്നതോടെ ശത്രു നശിക്കുന്നു. കുത്തുമ്പോൾ ഒരിനം വിഷദ്രാവകം പുറത്തുവരുന്നതാണ് കാരണം ഒരിനം ആഫ്രിക്കൻതേനീച്ചകളുടെ കുത്തേറ്റ് അവിടെ മുന്നൂറിനും നാനൂറിനും ഇടയ് ക്ക് ആളുകൾ മരിക്കാറുണ്ടത്രേ!....

## തേനീച്ചക്കൂട്



കൂടു നിർമ്മിക്കാൻ തേനീച്ചക്ക് അല്ലാഹുബോധനം നൽകിഎന്നാണ് പറയുന്നത്. ഓരോജീവിക്കും അതിന്റെവളർച്ചക്കും ജീവിതത്തിനും ഭക്ഷണത്തിനും ആവശ്യമായ ബോധനം നൽകുന്നത് അല്ലാഹുവാണ്.

പ്രപഞ്ച സൃഷ്ടാവിന്റെ ബോധനം അനുവർത്തിച്ചുകൊണ്ട് വൃക്ഷങ്ങളിലും മതിലുകളിലും മറ്റും ഉയർന്ന് വരുന്ന തേനീച്ചക്കൂടിനെക്കുറിച്ച് അൽ പ്പമെങ്കിലും നാംചിന്തിച്ചിട്ടുണ്ടോ ? അതിലടങ്ങിയ വൈദഗ്ധ്യവും അദ്ധ്വാനവും നമ്മെ ആശ്ചര്യപ്പെടുത്തുന്നില്ലെ ? സംർത്ഥനായ ഒരു ശിൽപ്പി ഏറ്റവും നല്ല ഉപകരണങ്ങൾ ഉപയോഗിച്ചു നിർമ്മാണം നടത്തിയാൽ പോലും തേനീച്ചക്കൂടിനോട് സമാനമായത് നിർമ്മിക്കാൻ സാധ്യമല്ല. അറിയപ്പെട്ട'ജന്മവാസന' കളിൽ മഹാശ്ചര്യം എന്നാണ് ഡാർവിൻ തേനീച്ചക്കൂടിനെ വിശേഷിപ്പിച്ചത്. തുടർന്നദ്ദേഹം എഴുതുന്നു.....

" ഒരു തേനീച്ചക്കൂട് അതിന്റെ ഉദ്ദേശ്യനിർവ്വഹണത്തിന് ഉപയുക്തമായി എങ്ങനെ നിർമ്മിക്കപ്പെട്ടിരിക്കുന്നുവെന്ന് പരിശോധിച്ച് മനസ്സിലാക്കിയ ശേഷം ഒരാരാധനാ മനോഭാവത്തോടെയല്ലാതെ അതിനെ വീക്ഷിക്കു ന്നവൻ മൂഢനാണ്. അതിസങ്കീർണ്ണമായൊരു പ്രശ്നം തേനീച്ചകൾ പ്രായോഗികമായിത്തന്നെ പരിഹരിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ഗണിത ശാസ്ത്രജ്ഞർ പറയുന്നു. വിലപിടിച്ച മെഴുക് ഏറ്റവും കുറഞ്ഞതോതിൽ ഉപയോഗിച്ച് കൂടുതൽ തേൻ നിറച്ചു വെക്കാൻ ഉപയുക്തമായ ശരിയായ രൂപമാണ് തേനീച്ചകൾ അറനിർമ്മാണത്തിൽ കാണിച്ചിരിക്കുന്നത് ഒരു കൂട്ടം തേനീച്ചത്തൊഴിലാളികൾ ക്കൂടിന്റെ ഇരുണ്ട അറകളിൽ നിലയുറപ്പിച്ചുകൊണ്ട് ഈ കൃത്യം എത്ര ഭംഗിയായിട്ടാണ് നിർവ്വഹിക്കു ന്നത്. ? എന്തെല്ലാം ജന്മവാസനകൾ നൽകിയാലും ശരി എങ്ങനെയാണീ പ്രാണികൾക്ക് ആവശ്യമായ കോണുകളും തലങ്ങളും ശരിയാക്കാൻ കഴിയുക എന്നതും എന്നാൽ ഇനി കഴിഞ്ഞാൽ തന്നെ അത് ബോധ്യപ്പെടുക ദുർഗ്രാഹ്യം തന്നെ!......"Origin of Species-A Cntical Study P 118"



ആധുനിക ജൈവശാസ്ത്രജ്ഞനായ ട്രിബ്യ ഷ്(tribush) തേനീച്ചക്കൂടിന്റെ നിർമ്മാണപാടവത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു." തേനീച്ചക്കൂടുകൾ ഗ ണിത ശാസ്ത്രപരമായി ഒരേ അളവിലാണെന്ന് പ്രതീക്ഷിക്കാൻ വയ്യ. പക്ഷേ, അവയുടെ കൃത്യത അതിശയകരം തന്നെയാണ്. അതിന്റെ ചുവരുകൾ തീർ ത്തിരിക്കുന്നത് 0.073 മി. മി. കനത്തിലാണ്. ഇതിൽ രണ്ട് ശതമാനത്തിലധി കം വ്യത്യാസം വരാറില്ല. അവയുടെ വ്യാസം 5 . 5 മി .മീറ്ററും . അതിലാകട്ടെ അഞ്ച് ശതമാനം മാത്രമേ വ്യത്യാസം വരാറുള്ളൂ. തറയിൽ നിന്ന് 13 ശതമാ നം ചെരിഞ്ഞാണ് അറകളുടെ കിടപ്പ്. ഇത്രത്തോളം സൂക്ഷ്മതയും കൃത്യത യും കൈവരിക്കണമെങ്കിൽ മനുഷ്യർക്ക് സൂക്ഷ്മ ഉപകരണങ്ങൾ വേണ്ടി വ രും. എന്നാൽ തേനീച്ചക്ക് അതിന്റെ " ആന്റിന " കൊണ്ട് അത് അനായാ സം ചെയ്യാൻ കഴിയുന്നു!....(LBID-P:212)



സമാധിയിൽ നിന്ന് പുറത്ത്വന്ന് കുറച്ച് പ്രായം കഴിയുമ്പോൾ തൊഴിലാളി യുടെ അടിവയറ്റിൽ നിന്ന് മെഴുക് പുറപ്പെടാൻ തുടങ്ങുന്നു. അത് പിൻകാ ൽകൊണ്ട് വലിച്ചെടുത്ത് മുൻ കാലുകളിലെത്തിക്കുന്നു. പിന്നീട് നല്ലവണ്ണം ച വച്ചുപാകപ്പെടുത്തിയതിന് ശേഷം കൂടറകൾ നിർമ്മിക്കു ന്നു. കൂട് നിർമ്മാ ണവും കൂട്ടിൽ കാവൽ നിൽക്കുന്നതും മധ്യവയസ്കരായ തേനീച്ചകളാണ്. വൃക്ഷങ്ങളിൽ നിന്ന് ' പ്രൊപ്പോളീസ് ' എന്ന ഒരു തരം ദ്രവം കൊണ്ട് വന്ന്

കൂടിനുള്ള ദ്വാരമടക്കുന്നു. അനധികൃതമായി കടന്നു വരുന്ന ശത്രുവിനെ കൊന്നതിന് ശേഷം ശവം സംസ്കരിക്കാനും ഇവ ഉപയോഗിക്ക ുന്നു.



# കൂട്ടിലെ താപ നിയന്ത്രണം

മുട്ട പിരിയാൻ തേനീച്ചകൾ കൂടുകളിൽ താപം ക്രമീകരിക്കാറുണ്ട്. പ്രായം ചെന്ന തേനീച്ചകളാണ് കൂടിന്റെ ഈ സംവിധാനത്തിന് ആവശ്യമായ നീർതുള്ളികൾ കൊണ്ട് വരുന്നത്. മുട്ട വിരിയാനാവശ്യമായ താപ നില കൂട്ടിനള്ളിൽ നിലനിർത്താനാണ് തൊഴിലാളികൾ ഇത് ചെയ്യുന്നത്. ഉഷ്ണകാലത്ത് താപനില ഉയരുമ്പോൾ അവ കൂട് തണുപ്പിക്കാൻ തുടങ്ങുന്നു. ആദ്യമായി ചിറകുകൾ ശക്തിയായി വിറപ്പിച്ചുകൊണ്ടാണ് ഇത് സാധ്യമാക്കുന്നത്.
ശൈത്യകാലത്ത് കൂട് കൂടുതൽ തണുക്കാതിരിക്കാൻ ശരീരവും ചിറകുകളും ഒരു പ്രത്യേക താളത്തിൽ ചലിപ്പിച്ചുകൊണ്ടിരിക്കുന്നത് കാണാം. അഃിലൂടെ അവയുടെ യാന്ത്രികോർജ്ജം താപോർജ്ജമായി മാറുന്നു. ഇങ്ങനെ ഉയരുന്ന അന്തരീക്ഷതാപത്തിലും കൂടിനുള്ളിലെ താപനില 24‘C മുതൽ 34 ’C വരെ അവയ് ക്ക് ഉയർത്താൻ കഴിയും. (Origin of Species P84)



ഭിന്ന വർണ്ണത്തിലുള്ള തേനാണ് നമുക്ക് ലഭിക്കുന്നത്. തേൻ , മഞ്ഞ, വെളുപ്പ്, ചെമപ്പ് തുടങ്ങിയ വർണ്ണങ്ങളിലുണ്ട്. തൊഴിലാളി തേനീച്ചകളെ പരിശോധിച്ചാൽ അവ ചെയ്യുന്ന വിവിധ തരം ജോലികൾക്ക് സഹായകമായി,നിരവധി സവിശേഷതകൾ നാഥൻ അവയ്ക്ക് നൽകിയതായി കാണാം. തേൻ വലിച്ചെടുക്കുന്ന പ്രോബോസിസ്, പൂക്കളെ അള്ളിപ്പിടിക്കാനുള്ള കാലറ്റങ്ങൾ, കൂട്

നിർമ്മാണത്തിനുള്ള മെഴുക് പൊടിക്കാനും രൂപപ്പെടുത്താനുമുള്ള മാന്റിബിൾ തുടങ്ങിയ ശാരീരിക സവിശേഷതകൾ അവയ്ക്ക് നൽകപ്പെട്ടിട്ടുണ്ട്. (Origin of Species P 96)
പ്യൂപ്പയിൽ നിന്ന് പുറത്ത് വന്ന് മൂന്നാഴ്ച കഴിഞ്ഞ തേനീച്ചകളാണ് തേനും പൂമ്പൊടിയും തേടി പുറപ്പെടുന്നത്. രണ്ട് ഗ്രാം തേൻ സംപ്രാപ്യമാക്കാൻ എകദേശം പതിനായിരം പുഷ്പങ്ങളുടെ മധുനുകരേണ്ടി വരുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ( അഖില വിജ്ഞാനകോശം 3/515)
പൂക്കളിൽ നിന്ന് പ്രോബോസിസ് ഉപയോഗിച്ച് തേൻ നുകർന്നതിന് ശേഷം " മധുസഞ്ചി " എന്നറിയപ്പെടുന്ന സഞ്ചിയിൽ ശേഖരിച്ച് അവ മുഴുവൻ യുവതി തൊഴിലാളിയുടെ വായിൽ ഒഴിച്ച് കൊടുക്കുന്നു. നുകർന്നും ഊതിയും ഈ ദ്രാവകത്തെ നാക്കിലൂടെ ഒഴുക്കുമ്പോൾ അത് ബാഷ്പീകരിച്ച് കട്ടിയാവുന്നു. അതോടൊപ്പം അവയുടെ ഗ്രന്ഥികളിൽ നിന്ന് ശ്രവിക്കുന്ന നീരകൾ അതിനെ മറ്റൊരുതരത്തിലാക്കുന്നു. അന്തിമമായി സ്റ്റോറേജ് സെല്ലുകളിൽ വെച്ച് കുറേക്കൂടി ബാഷ്പീകരിക്കുമ്പോഴാണ് പൂനീര് തേനായി തീരുന്നത്.

സ്വന്തം ഉടലിൽ നിന്നൽപ്പാദിപ്പിക്കുന്ന മെഴുക് കൊണ്ട് നിർമ്മിച്ച അഷ്ടകോണാകൃതിയിലുള്ള കൊച്ചു കൊച്ചു അറകളിലാണ് തേൻ ശേഖരിച്ച് വെക്കുന്നത്. അനുകൂല സാഹചര്യത്തിൽ രണ്ട് പൗണ്ടോളം തേൻ ദിവസവും ഒരു കൂട്ടിൽ ശേഖരിച്ചിട്ടുണ്ടാവും.
തേൻ പുറപ്പെടുന്നത് ഏത് ഭാഗത്ത് നിന്നാണ് എന്നതിൽ അഭിപ്രായാന്തരമുണ്ട്. ഖുർആൻ പറഞ്ഞ ' ബുതൂനി ' ന് വയറ് എന്നർത്ഥം നൽകുന്നവർ തേൻ പുറപ്പെടുന്നത് പിന്നിലൂടെ യാണെന്ന് പറയുന്നു. എന്നാൽ ഈ വാക്കിന് ഉദരഭാഗമെന്ന അർത്ഥമേയുള്ളൂവെന്നും ശരിക്ക് തേൻ പുറപ്പെടുന്നത് വായിലൂടെയാണെന്നും 'ഖാസിൻ ' വ്യക്തമാക്കുന്നു. ( തഫ്സീർ ഖാസിൻ 3/136)
എവിടെനിന്നാണ് പുറപ്പെടുന്നത് എന്ന് മനസ്സിലാവില്ലെന്നും ജനങ്ങൾ കാണുന്ന സ്ഥലത്തുവെച്ച് അവ തേനുൽപാദിപ്പിക്കില്ലെന്നും ഇമാം ഖുർതുബി(റ) പറയുന്നു. (തഫ്സീർ ഖുർതുബി 10/135) അദ്ദേഹം അരിസ്റ്റോട്ടിലിന്റെ ഒരു പരീക്ഷണം ഇതിന് തെളിവായി ഉദ്ധരിക്കുന്നു. അരിസ്റ്റോട്ടിൽ തേനീച്ചകളിൽ നിന്ന് തേൻ പുറപ്പെടുന്നത് ഏത് ഭാഗത്ത് നിന്നാണെന്ന് മനസ്സിലാക്കാൻ അവയ്ക്ക് ഒരു ചില്ലിന്റെ കൂട് നിർമ്മിച്ചു കൊടുത്തു. പക്ഷേ, തേനീച്ചകൾ ചില്ലിന്റെ ഉൾഭാഗത്ത് പൂർണ്ണമായി മണ്ണ് തേച്ചതിന് ശേഷമാണ് തേൻ ചുരത്തിയത്.
തേനിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ പൂവിന്റെയും പഴത്തിന്റെയും അത് ശേഖരിക്കുന്ന നിലത്തിന്റെയും സമയത്തിന്റെയും മാറ്റങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും 15 ഓളം വ്യത്യസ്ത മധുരങ്ങളുടെ കൂട്ട് തേനിലടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. മുഖ്യമായും പഴങ്ങളുടേതാണ് (islam and Science Magazine. October 2000) അത് പോലെ എഴുപതോളം പദാർത്ഥങ്ങളുടെ മിശ്രിതവുമാണ് തേൻ ( മഅത്തിബ്ബി ഫിൽ ഖുർആൻ - അബ്ദുൽ ഹമീദ് ദിയാബ് - പേ :189)

# തേൻ ഒരു ശമനൗഷധം....

ثُمَّ كُلِي مِن كُلِّ الثَّمَرَاتِ فَاسْلُكِي سُبُلَ رَبِّكِ ذُلُلاً يَخْرُجُ مِن بُطُونِهَا شَرَابٌ مُّخْتَلِفٌ أَلْوَانُهُ فِيهِ شِفَاء لِلنَّاسِ إِنَّ فِي ذَلِكَ لآيَةً لِّقَوْمٍ يَتَفَكَّرُونَ (69)

"വിവിധ വർണ്ണത്തിലുളള പാനീയം അവയുടെ ഉദരത്തിൽ നിന്ന് പുറത്തു വരുന്നു. അതിൽ ജനങ്ങൾക്ക് ശമനൗഷധമുണ്ട് ചിന്തിക്കുന്ന ജനതക്കതിൽ തക്കതായ ദൃഷ്ടാന്തങ്ങളുണ്ട്., തീർച്ച." ( സൂറത്തു നഹ്ൽ 69 )

പുരാതന കാലം മുതൽക്കേ തേൻ ഒരു ഔഷധമായി ഉപയോഗിക്കപ്പെട്ടിരുന്നു. അലോപ്പതിയുടെ ശ്രദ്ധ തേനിലേക്ക് തിരിഞ്ഞത് അടുത്ത കാലത്താണ്. പുരാതന വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ തേനിന് പ്രഥമ സ്ഥാനമുണ്ട്. ആധുനികചികിൽസയിൽ ഏറ്റവും പരിഗണനയർഹിക്കു ന്ന " ഗ്ലൂക്കോസ് " നല്ലൊരളവ് തേനിലടങ്ങിയിട്ടുണ്ട്.

മനുഷ്യ ശരീരത്തിലെ വ്രണങ്ങൾ സുഖപ്പെടുത്തുവാനുളള തേനിന്റെ കഴിവ് വിസ്മയകരമത്രെ! ഇംഗ്ലണ്ടിലെ പ്രശസ്ത ശസ്ത്രക്രിയാ വിദഗ്ധനായ ഡോക്ടർ മിഖായേൽ ബുൾമാന്റെ അഭിപ്രായമാണിത്. ഈ അഭിപ്രായത്തോട് യോജിക്കുന്ന ഡോക്ടർമാർ നിരവധിയുണ്ട് വിഷബാധിതവ്രണങ്ങൾ പോലും തേനിനെ നിർവ്വീര്യമാക്കുന്നില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. അദ്ദേഹം നടത്തിയ ഒരു പരീക്ഷണമാണ് ഈ നിഗമനത്തിന്റെ അടിസ്ഥാനം സ്തനാർബുദം പിടിപെട്ട സ്ത്രീയെ അദ്ദേഹം ശസ്ത്രക്രിയ നടത്തി. പക്ഷേ, അതിന്റെ മുറിവ് ഉണങ്ങുന്നില്ല. മാത്രമല്ല അത് കൂടുതൽ മാരകമാവുകയും ദുർഗന്ധം വമിക്കുകയും ചെയ്തു. പല മരുന്നുകളും പരീക്ഷിച്ച് പരാജയപ്പെട്ട അദ്ദേഹം ഒടുവിൽ തേനിന്റെ ഔഷധമൂല്യം പരീക്ഷിച്ച് പലപ്രാവശ്യം തേൻ പുരട്ടി. അത്ഭുതകരമെന്നോണം ആ വ്രണങ്ങൾ ഉണങ്ങുക മാത്രമല്ല അതിന്റെ കല (അടയാളം) പോലും അവശേഷിച്ചിരുന്നില്ല. ( ഇസ്‌ലാം ആധുനിക യുഗത്തിന്റെ മതം. പേ : 204)



തേനിലെ എസ്.ഡി.എ (SDA) ഘടകം തലച്ചോറിലെ ഉന്മേഷകോശങ്ങളെ ഊർജ്ജിതപ്പെടുത്തുന്നുവെന്നാണ് " ഹരിനോർമാൻ" എന്ന ശാസ്ത്രജ്ഞൻ പറയുന്നത്. അദ്ദേഹം ഇതിനെപ്പറ്റി ഹെൽത്ത് ഡയജസ്റ്റിൽ എഴുതിയ(Health Digest ) ലേഖനം വളരെ കൗതുകമുണർത്തുന്നതാണ്. തേൻ പതിവായി കഴിക്കുന്നവർ ഉന്മേഷവാന്മാരും പെട്ടെന്ന് കോപിക്കാത്തവരും സ്വസ്ഥചിത്തരുമാണെന്ന് നിരീക്ഷണത്തിലൂടെ മനസ്സിലാക്കിയതായി അദ്ദേഹം അവകാശപ്പെടുന്നുണ്ട്. ( Quran and Scientific Truths- 96 )
പാലിനേക്കാൾ പോഷകസമ്പന്നമാണ് തേൻ. ശരീരവളർച്ചക്കും സുരക്ഷക്കും ആവശ്യമായ നിരവധി വൈറ്റമിനുകൾ അതിലടങ്ങിയിട്ടുണ്ട്. വൈറ്റമിൻ A, B,B,HKC എന്നിവയും പൊട്ടാസ്യം, കാത്സ്യം, മഗ്നീഷ്യം, സൾഫർ, ഫോസ്ഫറസ്, കോപ്പർ എന്നീ മൂലകങ്ങളും കൂടാതെ അമിനോ ആസിഡ്, ന്യൂക്ലിയസ് ആസിഡ് എന്നിവയും തേനിൽ അടങ്ങിയിട്ടുണ്ട്.

ബാക്ടീരിയയെയും മറ്റ് അണുക്കളെയും നശിപ്പിക്കാനുള്ള കഴിവ് തേനിനുണ്ട്. തേൻ ഏതെങ്കിലും ദ്രവവുമായി കൂടിക്കലരുമ്പോൾ അത് നേർക്കുകയും തൽഫലമായി അതിലടങ്ങിയിട്ടുള്ള ' ഗ്ലൂക്കോസ് ഓക്സിഡേസ് ' എന്ന എൻസൈം ഗ്ലൂക്കോസുമായി പ്രതിപ്രവർത്തനം നടത്തി ഗ്ലൂക്കോണോലാക്റ്റോൺ, ഹൈഡ്രജൻ പെറോക്സൈഡ് എന്നിവ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഉണ്ടാകുന്ന ഹൈഡ്രജൻ പെറോക്സൈഡാണ് തേനിന്റെ കീടനാശിനിഗുണത്തിന് കാരണം. തേനിന്റെ ഉയർന്ന ഘനത്വം മൂലം മിക്ക സൂക്ഷ്മജീവികളും അതിൽ വളരുന്നില്ല എന്നതാണ് മറ്റൊരുകാരണം. അത് പോലെ തേനിൽ വളരെ ഉയർന്ന സാന്ദ്രതയിൽ പഞ്ചസാരയുള്ളതിനാൽ ഈസ്റ്റിനം ഫംഗസുകൾക്കു ം അതിൽ വളരാനാവില്ല. ഇക്കാരണത്താൽ പൂർണ്ണമായി മൂപ്പെത്തി ശേഖരിക്കുന്ന തേൻ അനേകം വർഷം കേടു കൂടാതെ സൂക്ഷിക്കാം. ( " എന്ത് കൊണ്ട് ? എന്ത് കൊണ്ട് ? ? പേ :93)

ചില രോഗാണക്കളെ വളരെ പെട്ടെന്ന് തന്നെ നശിപ്പിക്കാനുള്ള കഴിവ് തേനിനുള്ളതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ടൈഫോയിഡിന്റെ അണുക്കളെ പത്ത് മണിക്കൂർ കൊണ്ടും അതിസാരാണുക്കളെ 48 മണിക്കൂർ കൊണ്ടും നശിപ്പിക്കുമെന്ന് ഡോ. സർട്ടുവന്റ് അഭിപ്രായപ്പെടുന്നു.
തേൻ സാധാരണ ഉപയോഗിക്കുന്നവർക്ക് ആയുർദൈർഘ്യം കൂടുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. മിച്ചിഗൺ സർവ്വകലാശാലയിലെ 'ഡോ. ജെ. റോംകോൺ ' ഈഅഭിപ്രായത്തെ ശരിവെക്കുന്നു. അതു പോലെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് മൂലമുണ്ടാകുന്ന ' ഹൈപ്പോൽൾ ഗ്ലൈസീമിയ ' എന്ന രോഗത്തിന് ദിവസേന ഓരോ സ്പൂൺ തേൻ കഴിച്ചാൽ മതിയെന്ന് മിഷാഗൺ യൂണിവേഴ് സിറ്റിയിലെ ഗൈനോളജി വിഭാഗം വെളിപ്പെടുത്തുകയുണ്ടായി.

തേനിന്റെ മഹത്വം വിളിച്ചറിയിക്കുന്ന നിരവധി ഹദീസുകൾ കാണാം. നബി (സ) പറയുന്നു. ' ഖുർആനും തേനും ജനങ്ങൾക്ക് രോഗശമനമുണ്ടാക്ക ുന്ന രണ്ട് ഔഷധങ്ങളാണ് ' (ഇബ്നുമാജ 3452) ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. : നബി (സ) പറഞ്ഞു. മൂന്ന് വസ്തുക്കളിൽ രോഗശമനമുണ്ട്. അതിൽ ഒന്ന് തേനാകുന്നു. ( തഫ്സീർ റാസി 8/320 )
അബൂ സഈദുൽ ഖുദ്രിയ്യി(റ) പറയുന്നു ' ഒരാൾ നബി(സ)യുടെ അടുത്ത് വന്ന്പറഞ്ഞു. ' എന്റെസഹോദരന് ഉദര രോഗമാണ്. നബി(സ) പറഞ്ഞു. ' നീ പോയി അവന് തേൻ കൊടുക്കുക ' അദ്ദേഹം പോയി തേൻ കൊടുത്തതിന് ശേഷം വീണ്ടും വന്ന് പറഞ്ഞു. 'നബിയേ ഞാൻ തേൻ കൊടുത്തുവെങ്കിലും രോഗം വർദ്ധിക്കുകയാണ് ചെയ്യുന്നത്. നബി(സ) വീണ്ടും ആദ്യ മറുപടി പറഞ്ഞു. ഇങ്ങനെ മൂന്നാമതും അദ്ദേഹം വന്ന് പറഞ്ഞു.. നബി(സ) ആദ്യ മറുപടി തന്നെ ആവർത്തിച്ചു നാലാം പ്രാവശ്യം അദ്ദേഹം വന്ന് പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു. ' അല്ലാഹു പറഞ്ഞത് ശരിയാണ്. നിന്റെ സഹോദരന്റെ വയറാണ് കളവാക്കുന്നത് ' അയാൾക്ക് വീണ്ടും കൂട്ടുകാരൻ തേൻ കൊടുത്തു. രോഗം സുഖപ്പെടുകയും ചെയ്തു.

## ഗവേഷണശാലയിൽ നിന്ന്....

തേനീച്ചകളെയും തേനിനേയും കുറിച്ച് നിരവധി പഠനങ്ങളും ഗവേഷണങ്ങളും നടന്ന് കൊണ്ടിരിക്കുകയാണ്. അതിലൂടെ അവയുടെ കൗതുകലോകത്തിലെ ഓരോ കവാടവും തുറക്കപ്പെടുകയാണ്. തേനീച്ചകളെക്കുറിച്ചുള്ള അത്തരത്തിലുള്ള ഒരു പാരീക്ഷണമാണ് കാലിഫോർണിയ സർവ്വകലാശാലയിലെ ഡോ. മേയർ ഗറ്റ്സും( mayer Getes) കാതറൈൻ സ്മിത്തും( katherine Smith) നടത്തിയത്. അതിൽ തേനീച്ചകൾക്ക് രക്തബന്ധത്തെക്കുറിച്ച് നല്ല ബോധ്യമുണ്ടെന്ന് വെളിപ്പെടുകയുണ്ടായി. ഒരേ കുടുംബത്തിൽ തന്നെ വ്യത്യസ്ത മാതാപിതാക്കളിൽ നിന്നുള്ള തേനീച്ചകൾ തമ്മിലുള്ള ആക്രമണ സ്വഭാവം ഒരേ മാതാപിതാക്കളിൽ നിന്നുണ്ടായ ഈച്ചകൾ തമ്മിലില്ല എന്നതാണ്

നിരീക്ഷണശേഷം അവർ വെളിപ്പെടുത്തിയത്. ( ഗവേഷണ ശാലയിൽ നിന്ന് 101 കൗതുകങ്ങൾ- 38 )

അമേരിക്കയിലെ ' പ്രിൻസയർ ' യൂണിവേഴ്സിറ്റിയിലെ ജന്തു സ്വഭാവ വിദഗ്ധൻ ജോംസ് ഗുൾസ് ( Goms Guls) നടത്തിയ പരീക്ഷണത്തിൽ തെളിഞ്ഞത് മറ്റൊന്നാണ്. ഏതാനും വർഷങ്ങൾ തേനീച്ചകളെ നിരീക്ഷിച്ച അദ്ദേഹം തേനീച്ചകളുടെ ഭക്ഷണപദാർത്ഥം പൂർവ്വസ്ഥിതിയിൽ നിന്നും 50 മീറ്റർ അകലെ മാറ്റിവെച്ചു. എന്നാൽ ഒരു മിനുട്ട് കൊണ്ട് അവ ഭക്ഷണപാത്രം കണ്ടുപിടിച്ചു. അദ്ദേഹം വീണ്ടും 50 മീറ്റർ അകലേക്ക് ഭക്ഷണപാത്രം മാറ്റി വെച്ചു ഫലം തഥൈവ. നാലാം പ്രാവശ്യം നീക്കുന്നതിനു മുമ്പ് അദ്ദേഹം നീക്കാനുദ്ദേശിച്ച സ്ഥലത്തെത്തി അവ സ്ഥാനം പിടിച്ചിരുന്നു. ഇതിനെ സംബന്ധിച്ച് അദ്ദേഹം പറയുന്നു. ' നാം പ്രതീക്ഷിച്ചതിലും ബുദ്ധിപരമായി അവ പെരുമാറി (LBID-66)

കടപ്പാട് : പ്രപഞ്ചം
ഒരു ഖുർആനിക വായന
ഉമർ ഏളന്നൂർ

Click Here
തേനീച്ചയുടെ അൽഭുതങ്ങൾ വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

മാന്യ സുഹൃത്തുക്കളെ, ഈ സന്ദേശം നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റ് സഹോദര സഹോദരിമാർക്കും ഫോർവേഡ് ചെയ്ത് പുണ്യം നേടുന്നതിൽ പങ്കാളിയാവുക. നിങ്ങളുടെ വിലപ്പെട്ട സമയത്തുള്ള പ്രാർത്ഥനയിൽ ഈ വിനീതനെയും ഉൾപ്പെടുത്തണമെന്ന് വളരെവിനയത്തോടെ,,,,,

സി. പി. അബ്ദുല്ല ചെരുമ്പ

www.islamkerala.com
e-mail : abdulla_cherumba@yahoo.com
Mobile : 00971 50 7927429